മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*181)

**ആഗോള നിക്ഷേപക സംഗമം**

**1 (*181)** ശ്രീ എം രാജഗോപാലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ വ്യവസായങ്ങൾക്കായുള്ള പാർക്ക് അനുവദിക്കണമെന്നും അങ്ങനെ അനുവദിക്കുമ്പോൾ സംസ്ഥാനത്തെ ഭൂലഭ്യതയിലെ കുറവ് കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ഉണ്ടാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിക്ഷേപകാനുകൂല ഘടകങ്ങൾ സൃഷ്ടിച്ചുകൊണ്ട് ദേശീയ, അന്തർദേശീയ വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും തെലങ്കാനയിലും യു.എ.ഇ.യിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നിക്ഷേപക സംഗമങ്ങൾക്ക് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്നും അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച വാഗ്ദാനങ്ങൾ

നിക്ഷേപമാക്കിത്തീർക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) നിക്ഷേപക സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുംവിധം വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട മാറ്റം സംബന്ധിച്ച് വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന ശിപാർശകൾ വെളിപ്പെടുത്താമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) : സർ, (എ) ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പര്യാപ്തമായ ഭൂമി (വ്യവസായ വാണിജ്യ വകുപ്പ്/കെ.എസ്.ഐ.ഡി.സി/കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ) പാർക്കുകളിൽ നിലവിൽ ലഭ്യമാണ്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് കേന്ദ്രപദ്ധതികളിൽ ഭൂമി സംബന്ധിച്ച മാനദണ്ഡം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡം 200 ഏക്കറിൽ കുറയാതെയുള്ള ഭൂമിയുടെ ലഭ്യതയും കുറഞ്ഞത് 300 കോടി രൂപയുടെ നിക്ഷേപവും എന്നുള്ളതാണ്. എന്നാൽ വടക്ക് കിഴക്കൻ

സംസ്ഥാനങ്ങളിൽ ചില ഇളവുകൾ നൽകിക്കൊണ്ട് ഭൂമിയുടെ ലഭ്യത കുറഞ്ഞത് 100 ഏക്കറും കുറഞ്ഞ നിക്ഷേപം 150 കോടി രൂപയുമായി മാറ്റിയിട്ടുണ്ട്. ഇതേ മാനദണ്ഡത്തിന്റെ അടിസ്ഥാനം കേരളത്തിലും ബാധകമാക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്താനും വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനും ഉതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ വ്യവസായസ്ഥാപനങ്ങളിൽ K-SWIFT സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ള

സ്ഥാപനങ്ങളാണെങ്കിൽ അനുമതിയില്ലാതെ മൂന്നുവർഷംവരെ പ്രവർത്തിക്കാനുള്ള നിയമവും പാസ്സാക്കിയിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ചിട്ടുണ്ട്. 2022 സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഒരു ലക്ഷം സ്ഥാപനങ്ങൾ ഈ വർഷംതന്നെ സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നു കാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം തെലങ്കാനയിൽ ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. തെലങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസ്സോസ്സിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റു വിശദാംശങ്ങളും സർക്കാർതലത്തിൽ വിലയിരുത്തിവരുന്നു. ദുബായ് എക്സ്പോയുമായി

ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു പ്രതിനിധികളും യു.എ.ഇ-യിൽ നടത്തിയ നിക്ഷേപ സംഗമത്തിന്റെ വിശദ വിവരങ്ങൾ തയ്യാറാക്കാൻ വ്യവസായ വകുപ്പിന്റെ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്)-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടു കമ്പനികൾ അതിന്റെ തുടർച്ചയിൽ കേരളത്തിൽ സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. അസെൻഡ്-2020 ആഗോള നിക്ഷേപ സംഗമത്തിൽ സമർപ്പിക്കപ്പെട്ട പദ്ധതികളെ വിലയിരുത്തി തുടർപ്രവർത്തനങ്ങൾക്കായി കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരാക്കി നിയമിച്ചിട്ടുണ്ട്. ഇതിൽ 808 കോടി രൂപയുടെ മൊത്തനിക്ഷേപമുള്ള 31 പദ്ധതികൾ ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 9445 കോടി രൂപയുടെ മൊത്തനിക്ഷേപമുള്ള 53 പദ്ധതികളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്.

(സി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ

ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിലയിരുത്തിവരികയാണ്.

<u>ശ്രീ എം രാജഗോപാലൻ</u>: സർ, ലോക വ്യാവസായിക ഭൂപടത്തിലേയ്ക്ക് കേരളത്തെ കൈപിടിച്ചുയർത്താൻ കേരള സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. കോവിഡ് കാലത്തുപോലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ വിശ്വാസ്യത കേരളത്തെ സംബന്ധിച്ചുണ്ടാകുന്നുവെന്നത് അഭിമാനകരമാണ്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2022-23 സംരംഭക വർഷമായി

ആചരിക്കുന്നതിനെക്കുറിച്ചും പദ്ധതികളെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പ്രവാസികൾക്കായി എന്തെങ്കിലും പ്രത്യേക ബോധവൽക്കരണ പരിപാടികൾ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

ശ്രീ. പി. രാജീവ്: സർ, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ഇതിനകംതന്നെ ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, സഹകരണം, കൃഷി, ടൂറിസം, മൃഗസംരക്ഷണം തുടങ്ങി വിവിധ വകുപ്പുമന്ത്രിമാരുമായുള്ള സെക്രട്ടറിതല, മന്ത്രിതല ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിപുലമായൊരു പദ്ധതി മുമ്പ് തയ്യാറാക്കിയിട്ടുണ്ട്. ആറ് ഹാന്റ്ബുക്കുകൾ ഇതിനകംതന്നെ തയ്യാറാക്കി. കേരളത്തിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡന്റ്-സെക്രട്ടറിമാരുടെയും മുനിസിപ്പൽ, കോർപ്പറേഷൻ ചെയർമാൻമാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പങ്കെടുത്ത്

സഹകരണ ബാങ്ക് പ്രസിഡന്റ്-സെക്രട്ടറിമാരുടെ സംസ്ഥാനതല യോഗം ചേരുകയുണ്ടായി. ബഹുമാന്യരായ എം.എൽ.എ.മാരുടെ ഒരുയോഗവും ഈ സമ്മേളനത്തിന്റെ ഭാഗമായി ചേരണമെന്നാണ് കണ്ടിരുന്നത്. എന്നാൽ മറ്റ് വകുപ്പുകൾ ഇതിന്റെ സമയം ക്രമീകരിച്ചതുകൊണ്ട് ഈ സെഷനിൽ അതിന് കഴിയാതെപോയി. അടുത്ത സെഷനിൽ ആ യോഗവും സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ട്രേഡ് യൂണിയനുകളുടെ യോഗവും ചേരുകയുണ്ടായി. ട്രേഡ് യൂണിയനുകളും വളരെ ക്രിയാത്മകമായ പിന്തുണയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. സംസ്ഥാനതലത്തിൽ ഓരോ പഞ്ചായത്തിലും ഈ പ്രവർത്തനങ്ങളിൽ ഹാൻഹോൾഡ് സർവ്വീസ് നൽകാനായി ഇന്റേണുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. എം.ബി.എ. പാസ്സായ 1115 ഇന്റേണുകളെ തെരഞ്ഞെടുക്കാൻ സി.എം.ഡി. വഴി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിനെ കേന്ദ്രീകരിച്ച് ടാർജറ്റ് നിശ്ചയിച്ചുകൊടുക്കുന്നുണ്ട്. അതിനനുസരിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം ഓരോ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലുമുള്ള എത്ര ഭൂമി ഇപ്പോൾ അവരുടെ കൈവശമുണ്ടെന്നത് വിശദമായി പഠനം നടത്തി ഒരു കൈപ്പുസ്തകം

തയ്യാറാക്കിയിട്ടുണ്ട്. 167.74 ഏക്കർ ഭൂമി പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ കൈകളിലുണ്ട് സൊസൈറ്റികളുടെ കൈവശം എത്രയാണ് ഭൂമിയെന്നുള്ള കണക്കും ഓരോ ബ്ലോക്ക് തിരിച്ച് തയ്യാറാക്കിയിട്ടുണ്ട്. പി.എസ്.യു.കളുടെ പക്കൽ 222 ഏക്കർ ഭൂമി ഉപയോഗിക്കാവുന്ന രൂപത്തിലുള്ളത് കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുമായി ചേർന്ന് എസ്.പി.വി. രൂപീകരിക്കാനുള്ള പദ്ധതിയും നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പി.എസ്.യു.കളുടെ യോഗം വിളിച്ചിട്ടുണ്ട്. സി.പി.എസ്.യു. കളുടെ യോഗം ചേരുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങൾ, എൻ.പി.ഒ.എൽ. (Naval Physical and Oceanographic Laboratory) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ആലോചിച്ചുവരുന്നുണ്ട്. ഓരോ മണ്ഡലത്തിലെയും പ്രവർത്തനങ്ങൾക്ക് ബഹുമാന്യരായ എം.എൽ.എ.മാർകൂടി നേതൃത്വം നൽകിയാൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ എം രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരുലക്ഷം സംരംഭക പദ്ധതിക്കായി ബാങ്കുകളുടെ പിന്തുണ ഉണ്ടാകേണ്ടതാണ്. എന്നാൽ പലപ്പോഴും ബാങ്കുകളിൽനിന്ന് നിഷേധാത്മകമായ സമീപനമാണുണ്ടാകുന്നത്. നിലവിലെ പൊതുമേഖലാ ബാങ്കുകളുടെ സി.ഡി. റേഷ്യോ കുറയുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ് : സർ, ഇത് വളരെ ഗൗരവമായൊരു ചോദ്യമാണ്. കേന്ദ്ര ഗവൺമെന്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഹിതവും കുറയുന്നതായ കാര്യം ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതിൽ വളരെ ഗൗരവമായി നമ്മളെല്ലാവരും കാണേണ്ടൊരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇപ്പോൾ ഉന്നയിച്ചത്. ദേശീയ തലത്തിലുള്ള സി.ഡി. റേഷ്യോ (credit-deposit ratio) ഇപ്പോൾ 71 ശതമാനമാണ്. 2020-ൽ കേരളത്തിന്റെ സി.ഡി. റേഷ്യോ 65.2 ശതമാനമായിരുന്നു. അന്നേ ദേശീയതലത്തിൽ താഴെയാണ്. 2021-ൽ ഇത് 62.3 ശതമാനമായി താഴുകയാണ് ചെയ്തത്. അതിൽ നിന്നും നമ്മൾ കാണേണ്ടത്, തമിഴ്നാട്ടിൽ 101.7 ശതമാനമാണ് ഈ വർഷത്തെ സി.ഡി.

റേഷ്യോ. തെലങ്കാനയിൽ കഴിഞ്ഞ വർഷം 103.6 ശതമാനമായിരുന്നു. ഇപ്പോൾ 93.2 ശതമാനമാണ്. ആന്ധ്രാപ്രദേശിൽ 131.5 ശതമാനമാണ് സി.ഡി. റേഷ്യോ. ഗൗരവമായി കാണേണ്ട വിഷയം, കേരളത്തിലെ ബാങ്കായി പരിഗണിക്കുന്ന ചില ബാങ്കുകൾ, വലിയ സമരം നടക്കുന്ന, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ടതുമായ കാത്തലിക് സിറിയൻ ബാങ്കിന്റെ സി.ഡി. റേഷ്യോ 38.43 ശതമാനം മാത്രമാണ്. കേരളത്തിന്റെ ബാങ്കുകളായി ഫെഡറൽ ബാങ്കിന്റെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സി.ഡി. റേഷ്യോ യഥാക്രമം 41.59, 52.17 ശതമാനമാണ്, കേരളത്തിന് ഒരു ബാങ്കുണ്ടായിരുന്നു, എസ്.ബി.ടി. അതിനെ എസ്.ബി.ഐ.യിൽ ലയിപ്പിക്കുന്നതിനെതിരെ നമ്മളെല്ലാം നിലപാട് സ്വീകരിച്ചതാണ്. അതിനെ എസ്.ബി.ഐ.യിൽ ലയിപ്പിച്ചു. ഇപ്പോൾ എസ്.ബി.ഐ.യുടെ സി.ഡി. റേഷ്യോ കേവലം 50 ശതമാനം മാത്രമാണ്. ദേശീയ ശരാശരി 71, കേരളത്തിന്റെ ശരാശരി അതിനെക്കാൾ താഴെ, 62, പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.ഡി. റേഷ്യോ ഈ ബാങ്കുകളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇവിടെ ഡെപ്പോസിറ്റില്ലാത്ത ബാങ്ക് ഓഫ് മഹാരാഷ്ട്രയിൽ, തുക കുറവാണെങ്കിലും 328 ശതമാനം സി.ഡി. റേഷ്യോ

ഉണ്ട്. ബാങ്കുകളുടെ ഈ സമീപനം വളരെ ഗൗരവമായി കാണേണ്ടതാണ്. അതിൽ കാനറാ ബാങ്ക് ലീഡ് ബാങ്ക് എന്ന നിലയിൽ ചില സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ സി.ഡി. റേഷ്യോ 93.14 ശതമാനമായി. ഈ പ്രശ്നം എസ്.എൽ.ബി.സി.യിൽ അവതരിപ്പിക്കുന്നതിൽ മന്ത്രിയെന്ന നിലയിൽ ഞാൻതന്നെ പങ്കെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ആ യോഗത്തിൽ പങ്കെടുത്തിരുന്നു. കശുവണ്ടി ഫാക്ടറികളുടെ കാര്യത്തിൽ കാനറാ ബാങ്ക് 500 കോടി രൂപവരെ എഴുതിതള്ളാൻ തയ്യാറായി. എന്നാൽ കേരളത്തിന്റേതാണെന്ന് കരുതപ്പെടുന്ന ഈ ബാങ്കുകൾ ഈ സമീപനം സ്വീകരിക്കുന്നില്ല. കേരളം ഒറ്റക്കെട്ടായി ഇത് പരിഗണിക്കേണ്ടതാണ്. ഒരു ഘട്ടത്തിൽ നമ്മളെല്ലാവരും ഒരു രാഷ്ട്രീയ പ്രശ്നമായി ഇത് ഏറ്റെടുത്തിരുന്നു. അതേ ഗൗരവത്തിൽ ഈ പ്രശ്നം ഇപ്പോൾ ഏറ്റെടുക്കേണ്ടതുണ്ട്. അതോടൊപ്പം ബാങ്കുകളെ സമീപിക്കുമ്പോൾ എങ്ങനെയെങ്കിലും ഒഴിവാക്കുകയെന്ന രീതിയുണ്ടെന്ന് ചിലയിടങ്ങളിൽ നിന്ന് പരാതികൾ വരുന്നുണ്ട്. അത്തരം കാര്യങ്ങളും ഗൗരവമായിതന്നെ കാണേണ്ടതുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, മീറ്റ് ദ ഇൻവെസ്റ്റർ എന്ന നൂതന ആശയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി വ്യവസായ രംഗത്തുണ്ടായ പുരോഗതിയും ഇതുമൂലം സംസ്ഥാനത്തുണ്ടായ നിക്ഷേപത്തിന്റെ പുരോഗതിയും വിലയിരുത്തുകയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളത്തിന്റെ സ്ഥാനമുയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ് : സർ, ഇൻവെസ്റ്റ്മെന്റ് ആകർഷിക്കുന്നതിനുവേണ്ടി "മീറ്റ് ദ മിനിസ്റ്റർ, "മീറ്റ് ദ ഇൻവെസ്റ്റർ" എന്നീ പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. "മീറ്റ് ദ മിനിസ്റ്റർ" എന്ന പരിപാടിയുടെ ഭാഗമായി പ്രധാനമായും അദാലത്തുകളാണ് സംഘടിപ്പിച്ചത്. മൂന്ന് ജില്ലകളൊഴികെയുള്ള എല്ലാ ജില്ലകളിലും അത്തരം പരിപാടി പൂർത്തീകരിച്ചു. "മീറ്റ് ദ ഇൻവെസ്റ്റർ" എന്ന പരിപാടിയുടെ ഭാഗമായി നിരവധി സ്ഥാപനങ്ങൾക്ക് നേരിട്ട് അവരുടെ പദ്ധതികൾ അവതരിപ്പിക്കാനുള്ള അവസരമാണ് നൽകിയത്. മന്ത്രിയോടൊപ്പം പ്രിൻസിപ്പൽ സെക്രട്ടറിമാർ, കെ.എസ്.ഐ.ഡി.സി. എം.ഡി., കിൻഫ്ര എം.ഡി., ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് തുടങ്ങിയവരെല്ലാം ചേർന്ന് ഇവരുടെ പ്രോജക്ട് കേൾക്കുകയും

എന്താണ് ഗവൺമെന്റിൽനിന്നും അവർ ആഗ്രഹിക്കുന്നത്, അത് അവതരിപ്പിക്കാൻ അവസരം നൽകുകയും ഇരുകൂട്ടരും തമ്മിൽ ചർച്ച ചെയ്ത് മുന്നോട്ടുകൊണ്ടുപോകാമെന്ന ധാരണയിലെത്തിയാൽ ഏതെങ്കിലും വകുപ്പിലെ മുതിർന്ന ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കുകയുമാണ് ചെയ്യുന്നത്. ഇതിനകം 16 ഇൻവെസ്റ്റർമാരുമായി മീറ്റ് ചെയ്ത് 6380 കോടി രൂപയുടെ നിക്ഷേപത്തിന്റെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഓരോ കമ്പനികളുടെയും പേര് ഞാൻ പറയുന്നില്ല. നല്ല രീതിയിലുള്ള ഇടപെടൽ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ദുബായ് എക്സ്പോയുടെ ഭാഗമായി ഇൻവെസ്റ്റർമാരുമായി മീറ്റിംഗ് നടന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ദുബായ് സന്ദർശനം ഏറെ ഫലപ്രദമായിരുന്നു. വളരെ ചുരുങ്ങിയ ദിവസത്തെ സന്ദർശനമായിരുന്നെങ്കിലും ദുബായ്, അബുദാബി ഉൾപ്പെടെയുള്ള എമിറേറ്റ്സിലെ ഓരോ ഭരണാധികാരികളെയും കാണാൻ കഴിഞ്ഞു. ഔദ്യോഗികവും ഔപചാരികവും എന്നതിനപ്പുറം വളരെ വൈകാരികമായ സ്വീകരണമാണ് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഭരണാധികാരികൾ നൽകിയത്. അത് കേരളത്തോടുള്ള അംഗീകാരമായിതന്നെയാണ് നമ്മൾ

കാണുന്നത്. ഇതിന്റെ ഭാഗമായി Abu Dhabi Chamber of Commerce & Industry, Indian Business & Professional Group, Indian Business & Professional Council എന്നിവരുമായി ആശയവിനിമം നടത്തി. അതോടൊപ്പം വൺ ടു വൺ ആയ മീറ്റുകളും നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായ ഫോളോ അപ്പിനുവേണ്ടി ഒരു സംവിധാനം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. രണ്ട് ഇൻവെസ്റ്റർമാർ ഇതിനകംതന്നെ വന്നു. ഒരു ഇൻവെസ്റ്റർക്ക് അങ്കമാലിയിൽ ഭൂമി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ദുബായ് എക്സ്പോയുടെ തുടർച്ചയിൽ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽതന്നെ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. മറ്റൊരു ഇൻവെസ്റ്റർ ഇവിടെ വന്ന് സ്ഥലംകണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി- ബ്ലാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്തിന് വലിയ

തോതിലുള്ള വ്യവസായ നിക്ഷേപം ആകർഷിക്കുവാൻ സാധിക്കും. സംസ്ഥാനത്തിന്റെ വ്യവസായിക പുരോഗതി പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ ഉതകുന്ന ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടി സമയ പരിധിക്കുള്ളിൽതന്നെ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൊച്ചി-ബ്ലാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായ സ്ഥലം ഏറ്റെടുക്കലിന്റെ കാര്യത്തിൽ കേരളം പുതിയൊരു ചരിത്രം സൃഷ്ടിക്കാൻ പോകുകയാണ്. ഇതിനോടകം തന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമിയുടെ 87 ശതമാനം പൊസഷനും ഗവൺമെന്റിന്റെ കയ്യിലേയ്ക്ക് എത്തിയിട്ടുണ്ട്. 2021 മാർച്ച് മാസം അവസാനം നടപടിക്രമങ്ങൾ ആരംഭിച്ച് ഡിസംബർ മാസത്തോടെ ആദ്യഘട്ട സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതിക്കായി പാലക്കാടും അയ്യമ്പുഴയിലുമായി 2135 ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ മേയ് മാസത്തോടുകൂടി 1867 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി പൂർത്തിയാക്കി പൊസഷൻ നമ്മുടെ കയ്യിലേയ്ക്ക് എത്തിച്ചേരും. ഇതിന്റെ ഭാഗമായി പാലക്കാട് Integrated Manufacturing Cluster (IMC)

ആണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം അയ്യമ്പുഴ ഒരു ഗിഫ്റ്റ് (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ്) സിറ്റിയാണ്. ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകളെല്ലാം ഗിഫ്റ്റിന്റെ ഭാഗമായി കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേക പരിഗണനകൾ നൽകി ഇന്റർനാഷണൽ ജൂറിസ്ഡിക്ഷൻ അനുസരിച്ച് ഗിഫ്റ്റ് സിറ്റിയിൽ പ്രവർത്തിക്കാമെന്നുള്ള വ്യവസ്ഥകൾ വരും. അത്തരം സ്ഥാപനങ്ങളോടൊപ്പം നമ്മുടെ ഐ.റ്റി. മേഖല, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് അടക്കം പരിസ്ഥിതി സൗഹൃദമായ സ്ഥാപനങ്ങളാണ് ഗിഫ്റ്റ് സിറ്റിയുടെ ഭാഗമായി ആരംഭിക്കുന്നത്. സമയബന്ധിതമായി സ്ഥലമേറ്റെടുത്ത് കേന്ദ്ര സർക്കാരിന് നൽകാനും, എസ്.പി.വി.(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) -യായി പ്രവർത്തിക്കുന്ന ഇത് നമ്മുടെ വ്യവസായ മേഖലയിലെ കുതിച്ച് ചാട്ടത്തിന് സഹായകരമായിരിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീമതി ദെലീമ</u>: സർ, പൊതുമേഖല സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, പുനരുജ്ജീവനം എന്നിവ മുൻനിർത്തി സർക്കാർ ആവിഷ്കരിച്ച മാസ്റ്റർ പ്ലാനുകളുടെ പുരോഗതി

വ്യക്തമാക്കാമോ? അരൂർ മേഖലയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, രണ്ട് ചോദ്യങ്ങളാണുള്ളത്. ഒന്ന് പി.എസ്.യു. -വിനെ സംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാസ്റ്റർ പ്ലാനുകളെല്ലാം പി.എസ്.യു സബ്മിറ്റ് ചെയ്തു. ആ മാസ്റ്റർ പ്ലാനുകൾ വിദഗ്ദ്ധ സമിതി പരിശോധിച്ച് ആവശ്യമായ ഭേദഗതികളും നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും ട്രേഡ് യൂണിയനുകളുമായും, മാനേജ്മെന്റ് സ്റ്റാഫിന്റെ സംഘടനകളുമായും ചർച്ച ചെയ്ത് അവസാനം രൂപം നൽകി. റിയാബിൽ ഇത് നടപ്പാക്കുന്നതിൽ ഒരു പ്രത്യേകമായ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും നല്ല എക്സ്പീരിയൻസുള്ള ഒരു ആളിനെ അതിന്റെ ചുമതലകൾ വഹിക്കുന്നതിന് നിശ്ചയിച്ചു. ഏഴ് മേഖലയിലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുള്ള വിദഗ്ദ്ധരെ ഇപ്പോൾ നിശ്ചയിച്ചുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മേഖലയിൽ നല്ല രീതിയിൽ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിച്ചത് കെ.എം.എം.എൽ.-ന്റെ ലാഭം 300 കോടി രൂപയിലേയ്ക്കെത്തുകയാണ്. ചരിത്രത്തിൽ ഏറ്റവും വലിയ ലാഭമാണിത്. അതോടൊപ്പം കേരളത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലയിലെ കണക്ക് മാർച്ച് 31 -നെ വരുകയുള്ളു. ഇപ്പോൾ ഞങ്ങൾ നോക്കിക്കഴിഞ്ഞപ്പോൾ മൊത്തത്തിൽ പൊതുമേഖല സ്ഥാപനങ്ങൾ എടുക്കുമ്പോൾ ലാഭകരമാണെന്നതാണ് ആവേശകരമായ ചിത്രം. എണ്ണം വർദ്ധിച്ചിട്ടുണ്ട്. മൊത്തത്തിലുള്ളതും ലാഭത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല വരുന്നുവെന്നുള്ള ഭാഗവും കൂടി സൂചിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം പൊതുമേഖല സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് ബോർഡിന്റെയും നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ പി.എസ്.യു.-വിന്റെ സ്ഥലംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേകമായ സംവിധാനം ഇതിന്റെ ഭാഗമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ പറഞ്ഞ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എല്ലാ സ്ഥലങ്ങളിലും മാനദണ്ഡങ്ങൾക്കനുസരിച്ച് കൊണ്ടുവരാനും എല്ലാ വ്യവസായ പാർക്കുകളും

ഇന്റർനാഷണൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മാറ്റാനുള്ള ഒരു ബൃഹദ് പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നുണ്ടെന്ന കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ഇരുപത് അംഗങ്ങൾ ഉപചോദ്യത്തിന് അവസരം തേടിയിട്ടുണ്ട്. ഈ സഭാ സമ്മേളനത്തിൽ ഇതുവരെയും അവസരം ലഭിക്കാത്തതിൽ ഈ ഇരുപതുപേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ പരിഗണിച്ചതിനുശേഷം മാത്രമേ മറ്റംഗങ്ങളെ പരിഗണിക്കുകയുള്ളൂ. ഇനി പുതിയതായി റിക്വസ്റ്റ് ചെയ്യുന്നത് ഇതിൽ പരിഗണിക്കില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ബഡ്ജറ്റിലെ ശ്രദ്ധേയമായ ഒരു പ്രഖ്യാപനമാണ് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ. അത് സ്വകാര്യ സംരംഭകർക്ക് സ്ഥലസൗകര്യവും മറ്റുസാങ്കേതിക സഹായവും നൽകുന്ന ഒരു നിർദ്ദേശമാണ്. എന്റെ നിയോജകമണ്ഡലത്തിൽ പൊതുമേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട സിറാമിക്സ്, കെൽ തുടങ്ങിയ സ്ഥാപനങ്ങളുണ്ട്. ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിനാവശ്യമായ സ്ഥലലഭ്യതയും സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങളാണവ. അതുകൊണ്ട് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ

പാർക്കിന്റെ സൗകര്യം സിറാമിക്സിലോ കെൽ-ലോ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഓരോ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിലും 25000 മുതൽ 50000 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിന് അടിസ്ഥാന വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ ഒരു സംവിധാനമാണിത്. പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ഇത് ബാധിക്കുന്നില്ല. വേണമെങ്കിൽ അതിന്റെ backward exemption ആകാം. അതിനാവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ അവിടെയുണ്ടാക്കാം. അല്ലെങ്കിൽ upward ആയി പ്രോഡക്ടിന്റെ വാല്യൂ അഡീഷനിൽ ഈ സംവിധാനം ഉപയോഗപ്പെടുത്താം. അതിനാവശ്യമായിട്ടുള്ള ടെസ്റ്റുകൾ നടത്താൻ കഴിയുന്ന വിധത്തിലുള്ള സംവിധാനത്തിന് 200 കോടി രൂപ കോർപ്പസ് ഫണ്ടായി വിലയിരുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പൈലറ്റ് പദ്ധതിയെന്ന നിലയിൽ അങ്ങയുടെ ജില്ലയിലാണ് ഇത് നടപ്പിലാക്കുന്നത്. വിശാലമായ കാഴ്ചപ്പാടോടുകൂടി ഇപ്പോൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ പൈലറ്റ് പദ്ധതി അങ്ങയുടെ നിയോജകമണ്ഡലം

അല്ലെങ്കിലും ജില്ലയിൽതന്നെയാണ് നടപ്പിലാക്കുന്നത്. മറ്റുസ്ഥലങ്ങളിലും, അങ്ങ് പറഞ്ഞ കുണ്ടറ സിറാമിക്സിൽ പത്ത് ഏക്കർ സ്ഥലവും കൊല്ലത്ത് ALIND-ൽ എട്ട് ഏക്കർ സ്ഥലവും ലഭ്യമാണ്. ALIND-ന് കുറച്ച് സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കുണ്ടറ നിയോജകമണ്ഡലത്തിലാണ്. അവിടെ 40 ഏക്കർ സ്ഥലം ഇതുമായി ബന്ധപ്പെട്ട് ലഭ്യമാണെന്ന് കണ്ടിട്ടുണ്ട്. പുനലൂർ മുനിസിപ്പാലിറ്റിയിൽ അഗ്രോ ഫുഡ് -ആയി ബന്ധപ്പെട്ട് രണ്ട് ഏക്കർ സ്ഥലം ലഭ്യമാണെന്ന് കണ്ടിട്ടുണ്ട്. ചവറയിൽ KMML (Kerala Minerals and Metals)ആയി ബന്ധപ്പെട്ട് 38 ഏക്കർ സ്ഥലം കണ്ടിട്ടുണ്ട്. അങ്ങനെ കൊല്ലത്തുള്ള സ്ഥലങ്ങളെല്ലാം സർക്കാർ കണ്ടിട്ടുണ്ട്. പൈലറ്റ് പദ്ധതി വിജയകരമായാൽ മറ്റുസ്ഥലങ്ങളിലേയ്ക്ക് ഇക്കാര്യം പരിഗണിക്കാം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, MSME-യിൽ സർവ്വീസ് സെക്ടറിന് പ്രത്യേകിച്ച് ഒരാനുകൂല്യവും നൽകുന്നില്ല. എന്തൊക്കെ നിർമ്മിച്ചാലും അതിന് സർവ്വീസ് വളരെ അത്യാവശ്യമാണ്. നിരവധി പേർ പ്രവർത്തിക്കുന്ന വലിയൊരു മേഖലയാണത്. ആദ്യം അതിന് സബ്സിഡി

നൽകിയിരുന്നു. പക്ഷേ ഇപ്പോൾ സബ്സിഡി നൽകുന്നില്ല. സബ്സിഡി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേന്ദ്രസർക്കാരിന്റെ നിർവ്വചനം അനുസരിച്ച് 50 കോടി രൂപവരെയുള്ളതെല്ലാം ഇപ്പോൾ MSME-യിൽ വന്നിട്ടുണ്ട്. സർവ്വീസ്, മാനുഫാക്ചറിംഗ് എല്ലാം തന്നെ ഇതിന്റെ ഭാഗമായിട്ടാണ് വരുന്നത്. സർവ്വീസ് മേഖലയിലും ഇപ്പോൾ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കാം. യഥാർത്ഥത്തിൽ നമുക്ക് ഈ പ്രതിസന്ധി ഘട്ടത്തിലും നല്ല രീതിയിലുള്ള മുന്നേറ്റം MSME-കളുടെ കാര്യത്തിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് വസ്തുത. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മെയ് മുതൽ ഇതുവരെയുള്ള കണക്കെടുത്താൽ 12443 പുതിയ MSME യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ട് ഗവൺമെന്റുകളുടെകൂടി കണക്കെടുത്തു കഴിഞ്ഞാൽ ഏകദേശം 69,138 MSME സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ നമ്മുടെ ലക്ഷം സംരംഭങ്ങളുടെ പട്ടികയിൽ സർവ്വീസ് മേഖലയിലുള്ള സംരംഭങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ബഡ്ജറ്റ് പ്രസംഗത്തിന്റെ ചർച്ചയ്ക്കുള്ള മറുപടിയിൽ ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൃഷിക്കാരെ വിദേശരാജ്യങ്ങളിലേക്ക് ട്രെയിനിംഗിന് അയയ്ക്കുന്നുവെന്ന് പറഞ്ഞു. അത് വളരെ നല്ല കാര്യമാണ്. അതുപോലെ തന്നെ ലോകത്തുവച്ച് ഏറ്റവും കൂടുതൽ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് ഉള്ളത് ചൈനയിലാണ്. സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ നിർമ്മാതാക്കളെ/ ഓണേഴ്സിനെ ചൈനയിൽ അയച്ച് ട്രെയിനിംഗ് നൽകാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ? ലോകത്തുവച്ച് ഏറ്റവും വലിയ ഇൻഡസ്ട്രീസുള്ള സ്ഥലം ചൈനയാണ്. ഇന്നലെ അദ്ദേഹം കൃഷിയെപ്പറ്റി പറഞ്ഞിരുന്നു. അത് നല്ല ഐഡിയയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം ഈ മേഖലയിൽ വളരെ പരിചയസമ്പന്നനായ അംഗമാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള യൂണിറ്റ് ഉണ്ടോ എന്ന കാര്യം എനിക്കറിയില്ല. കേരളത്തിൽ നിന്നുള്ള സംഘം, ഞങ്ങളുടെ ചെലവിലല്ല അവരുടെ ചെലവിൽ ഞങ്ങൾ ദുബായിൽ പോയപ്പോൾ FIKI പ്രതിനിധി സംഘം അവിടെയുണ്ടായിരുന്നു. അവർ ആശയവിനിമയങ്ങളിൽ പങ്കെടുത്തിരുന്നു. മറ്റ് സ്ഥലങ്ങളിലും ആവശ്യമാണെങ്കിൽ ഇത്തരം പുതിയ സാങ്കേതികവിദ്യ, മാനേജ്മെന്റ് രീതികൾ, വിപണന രീതികളൊക്കെ

പരിചയപ്പെടുന്നതിന് ഇത്തരം സംഘടനകളുമായി ചർച്ച ചെയ്തുകൊണ്ട് അത്തരം കാര്യം കൂടി സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, മടങ്ങിവരുന്ന പ്രവാസികളെ കേരളത്തിലെ സംരംഭകത്വത്തിൽ പങ്കാളികളാക്കാൻ വകുപ്പ് നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. സംരംഭം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ തുടർന്ന് പലപ്പോഴും നമുക്ക് ലഭ്യമാക്കാൻ കഴിയാറില്ല. ഇതുവഴി പിന്നീട് വരുന്ന വെല്ലുവിളികളെ അതിജീവിക്കാൻ അവർ പ്രയാസങ്ങളും നേരിടുന്നു. ഇത് പരിഹരിക്കാൻ ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും പ്രവാസി സംരംഭങ്ങളെ സ്റ്റാർട്ടപ് സംരംഭങ്ങളായി കണ്ട് വിപണിയിൽ നിന്നും അല്ലാതെയും ഉണ്ടാകുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിക്കാൻ ഒരു പരിരക്ഷ നൽകാനുള്ള സംവിധാനമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ടപ്പിനെ സംബന്ധിച്ച പൊതുവായ നിർവ്വചനങ്ങൾക്ക് അകത്തുനിന്നാണ് നമുക്ക് കൈകാര്യം ചെയ്യാൻ കഴിയുന്നത്. തിരിച്ചുവന്ന പ്രവാസികളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് പ്രത്യേകമായ പരിഗണന നൽകുന്നുണ്ട്.

നോർക്കയുമായി ചേർന്ന് ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. പ്രവാസികൾ ഉൾപ്പെടെ എല്ലാവർക്കും ജസ്റ്റേഷൻ പിരീഡിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. അത് കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ എല്ലാ വ്യവസായ കേന്ദ്രങ്ങളും ഫെസിലിറ്റേഷൻ കേന്ദ്രങ്ങളാക്കി മാറ്റുകയാണ്. ഇതോടൊപ്പം തന്നെ ജില്ലാതലത്തിൽ ടെക്നോളജി ക്ലിനിക് എല്ലാ വ്യവസായ കേന്ദ്രങ്ങളിലും ആരംഭിക്കുന്നുണ്ട്. ഏതെങ്കിലുമൊരു വ്യവസായത്തിന് തുടക്കത്തിൽത്തന്നെ മാനേജ്മെന്റ്/മാർക്കറ്റിംഗ് ടെക്നോളജി എന്നിവയുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നം വന്നാൽ സിക്ക് ആകുന്നതിനുമുമ്പ് ഈ ക്ലിനിക്കിലേക്ക് പോകാം. അവിടെ ചെന്നുകഴിഞ്ഞാൽ അവർ പരിശോധിച്ച് അവർക്ക് കഴിയാവുന്ന നിർദ്ദേശം നൽകും. അല്ലെങ്കിൽ ഒരു വിദഗ്ദ്ധ സംഘത്തിന്റെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും ഏറ്റവും ലഭ്യമായ വിദഗ്ദ്ധർ, റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരെ സമീപിച്ചുകഴിഞ്ഞാൽ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ഉള്ള റെമ്യൂണറേഷൻ സർക്കാർ നൽകുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങും മുഖ്യമന്ത്രിയും നടത്തിയ ദുബായ് സന്ദർശനം ഫലപ്രദമായിരുന്നുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ 2019-ൽ മുഖ്യമന്ത്രി നടത്തിയിട്ടുള്ള ജപ്പാൻ, കൊറിയ സന്ദർശനത്തിൽ നിരവധി കമ്പനികളുമായി ചർച്ച നടത്തി. അതിന്റെ അടിസ്ഥാനത്തിൽ നീറ്റാ ജലാറ്റിൻ 200 കോടി രൂപയുടെ പദ്ധതിയും തെർമോ പെൻപോൾ 105 കോടി രൂപയുടെ പദ്ധതിയും തോഷിബ ഉൾപ്പെടെയുള്ള പല കമ്പനികളും പദ്ധതികൾ ആരംഭിക്കുമെന്നും പറഞ്ഞു. ജപ്പാനിലെ 5 മേയർമാർ കേരളം സന്ദർശിക്കുമെന്ന് പറഞ്ഞിരുന്നു. നീറ്റാ ജലാറ്റിൻ, തെർമോ പെൻപോൾ, തോഷിബ എന്നീ കമ്പനികളുടെ പദ്ധതികൾ ഏതുവരെയായി എന്ന് പറയാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, ദുബായ് എക്സ്പോയുടെ കാര്യം വിജയകരമായി എന്നുപറഞ്ഞതിൽ അങ്ങ് തർക്കം പറഞ്ഞില്ലല്ലോ. അതിനുമുമ്പുള്ള സന്ദർശനത്തെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. അതിൽ ഒരു ഭാഗം പറഞ്ഞത് ശരിയാണ്. നമ്മൾ പോയതിനുശേഷം നമ്മളാരും പ്രതീക്ഷിക്കാത്ത ചില കാര്യങ്ങൾ ലോകത്ത് നടന്നു. മഹാമാരി വന്നു. മഹാമാരി വന്നതോടുകൂടി അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രകളെല്ലാം

അസാധ്യമായി. സന്ദർശനം അസാധ്യമായെങ്കിലും ജപ്പാനുമായി ചേർന്ന് (BIJAK) ഇന്ത്യാ ജപ്പാൻ കൊമേഴ്സ് അസോസിയേഷന്റെ കൊച്ചിയിലെ അവരുടെ ആസ്ഥാനത്തുപോയി ഞാൻ തന്നെ സംസാരിച്ചു. അതിനുശേഷം ജപ്പാൻ പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ, മേയർ, ഞങ്ങളെല്ലാവരും ചേർന്നുള്ള ഓൺലൈൻ ആശയവിനിമയം നടന്നുകഴിഞ്ഞിട്ടുണ്ട്. നീറ്റാ ജലാറ്റിൻ കമ്പനിയുമായി മീറ്റ് ദ ഇൻവെസ്റ്ററിന്റെ തുടർച്ചയിൽ അവരുമായി കൂടിക്കാഴ്ച നടത്തി. ഭൂമിയുമായി ബന്ധപ്പെട്ടുള്ള ചെറിയ പ്രശ്നം കൂടി പരിഹരിച്ചാൽ അവരുടെ ഇൻവെസ്റ്റ്മെന്റ് വരുമെന്നാണ് കാണുന്നത്. അതുപോലെ തന്നെ, അങ്ങ് പരാമർശിച്ച മെഡിക്കൽ ഡിവൈസസുമായി ബന്ധപ്പെട്ട കമ്പനിയുമായും ആശയവിനിമയം നടക്കുന്നുണ്ട്. അതിന് നമ്മൾ ഉദ്ദേശിച്ച വേഗതയിൽ പോകുന്നതിന് ഈ വന്ന ചില സാഹചര്യങ്ങൾ പരിമിതി സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും അത് തുടരുന്നതിനാവശ്യമായ ഒരു സംവിധാനം ഇപ്പോൾ വകുപ്പിനകത്ത് ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തി മുന്നോട്ട് പോകാൻ അങ്ങയുടെ നേതൃത്വത്തിൽ വ്യവസായ

വകുപ്പിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗത തോട്ടം മേഖലയിൽ ആയിരക്കണക്കിന് തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഇറക്കുമതിയുടെയും വിലയിടിവിന്റെയുമൊക്കെ അടിസ്ഥാനത്തിൽ ആ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. റബ്ബർ അടക്കമുള്ള മേഖലയുണ്ട്. ഈ മേഖലയെ നമുക്ക് സംരക്ഷിക്കാൻ സാധിക്കണം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ പരിപോഷിപ്പിക്കാൻ സാധിക്കണം. അതുപോലെ തന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളൊരുക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ഒരു ആലോചന നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് നമ്മുടെ പ്ലാന്റേഷൻ മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: പത്രം വായന സംബന്ധിച്ച ചട്ടം ഇന്നലെയും സഭയിൽ ഓർമിപ്പിച്ചു. അത് നഗ്നമായി ലംഘിക്കുന്നത് ശരിയല്ല. ഇനി പ്രത്യേകം പേരെടുത്ത് പറയേണ്ടിവരും.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗൗരവതരമായൊരു ചോദ്യമാണ്. പ്ലാന്റേഷൻ മേഖലയുമായി നല്ല പരിചയവും ബന്ധവുമുള്ള ആളുകൂടിയാണ് അദ്ദേഹം. അതിന് മാറ്റം

വരുത്തുവാൻ സാധിക്കുന്ന പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടെ നടത്തിയിരിക്കുന്നത്. ഒന്ന്, നിശ്ചിത ശതമാനം ഭൂമി മറ്റ് വിളകൾക്കുവേണ്ടി കൂടി വിനിയോഗിക്കാം. ആ പ്രഖ്യാപനമുണ്ടായപ്പോൾ പല ആശയക്കുഴപ്പങ്ങളും പല മേഖലകളിൽനിന്ന് വരികയുണ്ടായി. ഭൂപരിഷ്കരണ നിയമമാകെ മാറ്റാൻ പോകുകയാണോ എന്നതാണത്. നമ്മുടെ രാജ്യത്ത് നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിനകത്തുതന്നെ ഇതിനുള്ള വകുപ്പുണ്ട്. 2005-ൽ കേരള നിയമസഭ ഇതിനൊരു നിയമം പാസ്സാക്കുകയുണ്ടായി. 2012-ലെ ആറാമത്തെ നിയമമായി പ്രസിഡന്റ് അത് അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിനകത്തുതന്നെ 5 ശതമാനം വരുന്ന ഭൂമി വാനില, മെഡിക്കൽ പ്ലാന്റ്സ്, മറ്റ് ഫലവർഗ്ഗങ്ങൾ, ടൂറിസം തുടങ്ങിയ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ ഒരു തരത്തിലുള്ള മാറ്റത്തിന്റെയും ആവശ്യമില്ല. നിലവിലുള്ള നിയമമനുസരിച്ച് തന്നെ നമുക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയും. അത് ശരിയായി ഉപയോഗിക്കാൻ നമുക്കൊരു സംവിധാനമില്ല. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്ന നടപടികൾ

അന്തിമഘട്ടത്തിലാണ്. അത് വന്നുകഴിഞ്ഞാൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കാം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച റബ്ബർ മേഖലയെ സംബന്ധിച്ച് പ്രത്യേകമായ മൂല്യവർദ്ധനവിനുവേണ്ടി റബ്ബർ കമ്പനി രൂപീകരിച്ചു. മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥയായ ശ്രീമതി ഷീലാ തോമസിനെ സി.എം.ഡി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ മേഖലയിലെ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗം 24-ാം തീയതി കോട്ടയം ജില്ലയിൽ ചേരുന്നുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയ ധനകാര്യവകുപ്പുമന്ത്രിക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അതിവേഗത്തിൽ തന്നെ അത് ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: പത്രം വായിക്കുമ്പോൾ ചെയർ കാണാതിരിക്കാനെങ്കിലും ശ്രദ്ധിക്കണമെന്ന് ഇന്നലെ പറഞ്ഞിരുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വ്യവസായ സാധ്യതകളെ സംബന്ധിച്ച് അങ്ങ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചിരുന്നു. അതിന്റെ പ്രോഗ്രസ് എന്താണെന്ന് നമുക്കറിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോട് രണ്ട്

പൊതുമേഖലാസ്ഥാപനങ്ങളുണ്ട്. ഒന്ന്, എടരിക്കോട് കെൽ-ഉം മറ്റൊന്ന്, സ്പിന്നിംഗ് മില്ലുമാണ്. അവിടെ കുറെ സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി വ്യവസായ സ്ഥാപനം ആരംഭിക്കാനായി എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാവരും ആശയവിനിമയ ചർച്ചകളിൽ വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ പഠനം ഞങ്ങൾ ആരംഭിച്ചിരുന്നു. മലപ്പുറം ജില്ലയിൽ കെൽട്രോണിന്റെ കൈവശമുള്ള മൂന്നരയേക്കർ സ്ഥലമാണ് നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന രൂപത്തിലുള്ളത്. കെൽട്രോൺ ടൂൾ റൂമിന്റെ കൈവശം അഞ്ചേക്കർ സ്ഥലവും ഉപയോഗിക്കാൻ കഴിയാവുന്ന രൂപത്തിലുണ്ട്. ഇത് രണ്ടുമാണ് മലപ്പുറം ജില്ലയിലുള്ളത്. ടെക്സ്റ്റൈൽ മില്ലിന്റെ സ്ഥലം കാണുന്നുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് ഇപ്പോൾ നമുക്ക് വലിയ മുന്നേറ്റമാണ് വന്നിട്ടുള്ളത്. ആദ്യമായി ആറ് ടെക്സ്റ്റൈൽ മില്ലുകൾ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ, പ്രസ്തുത ഭൂമിയും നേരത്തെ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി ക്രിയാത്മകമായി വിനിയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അവിടെ പ്രവാസി സംരംഭകർ നല്ലരീതിയിൽ സഹകരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്തിട്ടുണ്ട്. അത് ഉപയോഗിക്കാനവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന 'മീറ്റ് ദി മിനിസ്റ്റർ' പ്രോഗ്രാമിന് മികച്ച പ്രതികരണമാണ് ലഭിച്ചുവരുന്നത്. ജില്ലകൾതോറും നടത്തിവരുന്ന ഈ പരിപാടി എല്ലാവർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും മണ്ഡലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, 'മീറ്റ് ദി മിനിസ്റ്റർ' എന്ന പരിപാടി യഥാർത്ഥത്തിൽ ഒരുഘട്ടം കൊണ്ടുതന്നെ അവസാനിക്കേണ്ടതാണ്. കാരണം ബഹുമാനപ്പെട്ട മന്ത്രി നേരിട്ടുപോയി ഓരോ തർക്കങ്ങളും പരിഹരിക്കുകയെന്നത് ആ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലയെന്നുള്ളതിന്റെ തെളിവുകൂടിയാണ്. ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് സ്റ്റാറ്റസ് മെക്കാനിസം രൂപീകരിച്ചു. അതിന് നിയമങ്ങളും

ചട്ടങ്ങളുമായിട്ടുണ്ട്. മന്ത്രിയെന്ന നിലയിൽ ഞാൻ പോയാലും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ മാത്രമേ സാധിക്കൂ. എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ, ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ ഒരു ദിവസത്തിന് 250/- രൂപ മുതൽ 10,000/- രൂപ വരെ ഫൈൻ ഈടാക്കാനുള്ള അധികാരവും ഡിപ്പാർട്ട്മെന്റൽ ഡിസിപ്ലിനറി ആക്ഷൻ ശിപാർശ ചെയ്യാനുള്ള അധികാരവും ഈ സംവിധാനത്തിന് നൽകിയിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വന്നാൽ മന്ത്രിമാർ ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടതില്ല എന്ന സാഹചര്യം രൂപം കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പാലക്കാട് കോച്ച് ഫാക്ടറിയ്ക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുത്തിട്ട് വർഷങ്ങളായി. അത് കേന്ദ്ര സർക്കാരിന് കൈമാറുകയും ചെയ്തു. പക്ഷേ ഇതുവരെയും കോച്ച് ഫാക്ടറി ആരംഭിക്കുന്നത് സംബന്ധിച്ച ഒരു സൂചനയുമില്ല. പ്രസ്തുത സ്ഥലം എങ്ങനെയെങ്കിലും തിരിച്ചെടുത്ത് നമുക്ക് ടെക്നോളജി ഡ്രിവൺ ആയോ അല്ലെങ്കിൽ ഇൻഫർമേഷൻ ഡ്രിവൺ ആയോ മറ്റേതെങ്കിലും തരത്തിലുള്ളൊരു വ്യവസായം അവിടെ ആരംഭിക്കുന്നതിനായി സ്ഥലം

ഉപയോഗപ്പെടുത്തുന്നതിന് സാധിക്കില്ലേ. അങ്കമാലിയിലെ ഗിഫ്റ്റ് സിറ്റി മാതൃകയിൽ അത് ഉപയോഗപ്പെടുത്തുന്നതിന് കഴിയില്ലേ. അതിർത്തിക്കപ്പുറം എല്ലാ MNCs-നും കാമ്പസുണ്ട്. ഐ.ടി. പാർക്കുകൾ കോയമ്പത്തൂരിലേയ്ക്ക് കടക്കുമ്പോൾ മുഴുവൻ സംവിധാനങ്ങളും എല്ലാ MNCs-നും കാമ്പസുണ്ട്. ഇന്നലെ ഐ.ടി. പാർക്കിന്റെ പ്രഖ്യാപനവും ബഡ്ജറ്റിലുണ്ടായി. പാലക്കാടുള്ള ഈ സ്ഥലമെല്ലാം ഉപയോഗിച്ച് നമുക്ക് എന്തുകൊണ്ട് പുതിയൊരു ഐ.ടി. പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രപ്പോസ് ചെയ്തുകൂടാ; ഇതുസംബന്ധിച്ച് ഒരു ആക്ഷൻ ഗവൺമെന്റ് ഇനിഷ്യേറ്റ് ചെയ്യുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ കാര്യമാണ്. ബഹുമാന്യനായ സ്പീക്കർ പാർലമെന്റ് അംഗമായിരുന്നപ്പോൾ സ്ഥിരം ഏറ്റെടുത്തിരുന്ന വിഷയമാണ് കോച്ച് ഫാക്ടറിയുടേത്. അങ്ങയുടെ ചോദ്യത്തിൽനിന്നും അത് വളരെ വ്യക്തമാണ്. നമ്മൾ ആവശ്യപ്പെടുന്നത് അവർ നൽകുന്നേയില്ല. ഇതാണ് റെയിൽവേയുടെ സമീപനം. നെടുമ്പാശ്ശേരിയിൽ ഒരു റെയിൽവേ സ്റ്റേഷൻ ബഹുമാന്യനായ ഇ. അഹമ്മദ് സഹമന്ത്രിയും ഞാൻ എം.പി.-യും ആയിരുന്നപ്പോൾ

അദ്ദേഹത്തോടൊപ്പം പോയി തറക്കല്ലിട്ടതാണ്. ഇപ്പോൾ കല്ലുപോലും എവിടെയാണെന്നറിയില്ല. ഇതാണ് റെയിൽവേ പൊതുവേ കേരളത്തോട് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം.

മി. സ്പീക്കർ: കോച്ച് ഫാക്ടറിയുടെ സ്ഥലം ഇപ്പോൾ റെയിൽവേയുടെ കൈവശമാണ്.

ശ്രീ. പി. രാജീവ്: സർ, ഭൂമി ഏറ്റെടുത്ത് നമ്മൾ റെയിൽവേയ്ക്ക് കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം റെയിൽവേയുടെ കയ്യിലാണ്. അവർ വിട്ടുതന്നാൽ മാത്രമേ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ കഴിയൂ. നമ്മൾ സൗജന്യമായി ഏറ്റെടുത്ത് കേന്ദ്രത്തിന് കൈമാറിയ ഭൂമിക്കുതന്നെ കമ്പോളവില നൽകിയാൽ തിരിച്ചുനൽകാമെന്ന സമീപനമാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ സ്ഥലം എങ്ങനെ വിനിയോഗിക്കാമെന്നുള്ളത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ. പി. മോഹനൻ: സർ, വ്യവസായ രംഗത്ത് പുത്തൻ ഉണർവ് പകർന്നുകൊണ്ട് സർക്കാരും വ്യവസായ വകുപ്പ് മന്ത്രിയും

മുന്നോട്ടുപോകുമ്പോൾ അങ്ങ് കണ്ണൂരിൽവന്ന് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയിൽ പങ്കെടുത്തുകൊണ്ട്, കൂത്തുപറമ്പ് മണ്ഡലത്തിൽ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ കൊണ്ടുവന്നതാണ്, 506 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കണമെന്ന് പറഞ്ഞതിന്റെ നടപടികൾ ആരംഭിച്ചത്. രണ്ടുവർഷമായിട്ടും ഇതുവരെ അത് പൂർത്തീകരിച്ചിട്ടില്ല. കിൻഫ്രയിൽ ഒരു ഫുഡ് പാർക്ക് തുടങ്ങാനും പുത്തൻ സംരംഭം തുടങ്ങുന്ന പ്രവാസികളടക്കമുള്ളവർക്ക് ഇത്തരം കാര്യങ്ങൾക്കായി, പ്രത്യേകിച്ച് പഞ്ചായത്ത്-മുനിസിപ്പാലിറ്റിയിലൊക്കെ പോയാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഒരു ഏകജാലക സംവിധാനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നിലവിൽ കിൻഫ്രയുടെ എല്ലാ പാർക്കുകളിലും ഏകജാലക സംവിധാനമുണ്ട്. ഇതുകൂടാതെ കെ-സ്വിഫ്റ്റ് ഓൺലൈനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കെ-സ്വിഫ്റ്റിലാണ് എല്ലാം ചെയ്യുന്നതെങ്കിലും പഞ്ചായത്തുമേഖലയിലെ ചില ഉദ്യോഗസ്ഥർ മുഖാമുഖം കാണണമെന്ന് നിർബന്ധം പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പുമന്ത്രിയും ഇടപെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാണ്.

ബഹുമാന്യനായ അംഗം പറഞ്ഞ ഭാഗം ഞങ്ങളെല്ലാം അവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഓരോ കാര്യങ്ങളും, ഇപ്പോൾ പ്ലാന്റേഷൻ പറഞ്ഞല്ലോ, നിയമപരമായി നമുക്ക് വേറെ പ്രശ്നങ്ങളൊന്നുമില്ല. എങ്കിലും അതുപോലും എല്ലാവരുമായി ചർച്ച ചെയ്താണ് എങ്ങനെ ഇത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയെന്ന് പ്ലാൻ ചെയ്യുന്നത്. മട്ടന്നൂരിലുള്ള സ്ഥലം ഏറ്റെടുക്കുന്ന പ്രക്രിയയ്ക്കും അതിനുശേഷം വേഗത വന്നിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം കിൻഫ്രയ്ക്ക്, അടുത്ത നടപടിയിലേയ്ക്കുള്ളൊരു തീരുമാനവും ഇന്നലെ വന്നിട്ടുണ്ട്. വളരെവേഗം അത് പൂർത്തീകരിക്കാം. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നൊരു പ്രശ്നമാണ്. പൊതുവായൊരു വികാരമായാണ് ആ പ്രശ്നം രണ്ടുപേരും ശ്രദ്ധയിൽപ്പെടുത്തുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, സ്വകാര്യ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2017-ൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ആയത് പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിന് തടസ്സങ്ങളുള്ളതായി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി സ്വകാര്യ മേഖലയിൽ

വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ പൊതുവായൊരു പ്രശ്നം, എന്താണ് നിലവിലുള്ള സാഹചര്യമെന്ന് വേണ്ടത്ര മനസ്സിലാക്കാതെ മാധ്യമങ്ങളും പല ആളുകളും ചിലപ്പോൾ വിമർശനങ്ങൾ ഉന്നയിക്കാറുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചോദിച്ചതിൽനിന്നും വ്യക്തമാണ് കേരളത്തിലെ സ്വകാര്യ വ്യവസായ പാർക്കുകൾ പുതിയ നയമേയല്ല. 2017 ജൂൺ മാസം 20-നുതന്നെ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവുപ്രകാരം എന്തെല്ലാമാണ് വ്യവസ്ഥകൾ; എങ്ങനെ അപേക്ഷിക്കാം? അപേക്ഷിക്കാനുള്ള ഫോർമാറ്റ് ഉൾപ്പെടെ 2017 മുതൽ കേരള ഗവൺമെന്റിന്റെ നയമാണ് സ്വകാര്യ വ്യവസായ പാർക്ക് എന്നുള്ളത്. എന്നാൽ അതിലെ ചില വ്യവസ്ഥകൾ കാരണം അത് പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. അപേക്ഷകൾ കിട്ടിയെങ്കിലും ഒന്നിനും അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല. അത് പരിശോധിച്ചുകൊണ്ട് പ്രായോഗികമാക്കുന്നതിനും ലളിതവൽകരിക്കുന്നതിനും ഇതിന്റെയടിസ്ഥാനത്തിൽ അതിവേഗത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ സർക്കാർ

പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അത് വൈകാതെതന്നെ പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

2 (*182) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-മൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) എംപാനൽ ചെയ്ത വാഹന നിർമ്മാതാക്കളിൽനിന്ന്

പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ വിലകുറച്ച് വാങ്ങുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ ചെലവിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, (എ) ഉണ്ട്. പെട്രോൾ വില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് സർക്കാർ അതീവ പ്രാധാന്യം നൽകിവരുന്നു. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം

ഇ-മൊബിലിറ്റി ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ പൂർത്തീകരിക്കുന്നതായിരിക്കും. അതോടൊപ്പം കേരളത്തിലുടനീളം 1150 പോൾ മൗണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകൾ, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. അതോടൊപ്പം പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകും വിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ

ആരംഭിക്കുവാനുള്ള പുതിയ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1000 ചതുരശ്ര

അടി) സർക്കാർ/പൊതുമേഖല സ്ഥലം 10 വർഷത്തേയ്ക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽ മുടക്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

(ബി) ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും ഹരിത ഊർജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10-03-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 24/2019/ട്രാൻസ് പ്രകാരം' 'ഇലക്ട്രിക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(സി) ഉണ്ട്. വൈദ്യുത വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ, ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക് ക്യാമ്പയിൻ" നടത്തിവരുന്നു. ഇ.എം.സി.-യുടെ " ഗോ ഇലക്ട്രിക്" ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ

---

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. ഈ പദ്ധതിപ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് 2 വീലറുകൾ വാങ്ങുവാൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, CESL ഇലക്ട്രിക് ടൂവീലറുകളുടെ നിർമ്മാതാക്കളിൽനിന്ന് രാജ്യവ്യാപകമായി ടെണ്ടർ ക്ഷണിച്ച് 6 വാഹന നിർമ്മാതാക്കളെ എംപാനൽ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മേല്പറഞ്ഞ വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് ടൂവീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽനിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ ഡീലർമാർ മുഖേനയാണ് വാഹനം വിതരണം നടത്തുന്നത്. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ഒരു പോർട്ടൽ മുഖാന്തരം

ഇത്തരം വാഹനം വാങ്ങാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ഈ പോർട്ടൽ മുഖാന്തരം വാങ്ങുന്ന ഇലക്ട്രിക് സ്കൂട്ടറുകൾക്ക് 23,100/- രൂപ മുതൽ 43,**000**/- രൂപ വരെ കേന്ദ്ര സർക്കാർ നൽകുന്ന FAME 2 സബ്സിഡി ലഭിക്കുന്നു. കൂടാതെ വിപണി വിലയേക്കൾ 3,000/- രൂപ വരെ വിലയിൽ കുറവും ലഭിക്കുന്നു.

(ഡി) ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ ചെലവിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ സഹായമൊന്നും ഇപ്പോൾ നൽകുന്നില്ല. ഓട്ടോറിക്ഷകൾക്ക് 99,540/- രൂപ വരെ കേന്ദ്ര സർക്കാർ FAME 2 സബ്സിഡി ബാറ്ററി കപ്പാസിറ്റിക്ക് അനുസൃതമായി നൽകിവരുന്നു. കൂടാതെ കേരള ഗതാഗത വകുപ്പ് 30,000/- രൂപ വരെ സബ്സിഡിയായി നൽകുന്നുണ്ട്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ഇന്ധന വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സാധാരണക്കാരന് താങ്ങാവുന്ന തരത്തിൽ വാഹനങ്ങൾക്കാശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളമെമ്പാടും വ്യാപിപ്പിക്കാനും അവ ചാർജ് ചെയ്യുന്നതിന് മിതമായ നിരക്ക് ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഓരോ എം.എൽ.എ.-മാരും ആവശ്യപ്പെട്ടതനുസരിച്ച് അഞ്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. പട്ടണപ്രദേശങ്ങളിൽ 15 ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2020-ൽ നേമം, ഓലെ, പാലാരിവട്ടം, വിയ്യൂർ, നല്ലളം, ചൊവ്വ എന്നീ ആറ് ചാർജ്ജിംഗ് സ്റ്റേഷനുകളാണ് കെ.എസ്.ഇ.ബി.എൽ. അനുവദിച്ചത്. കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ ചെയ്തുവരുന്നത് 56 എണ്ണമാണ്. അതിൽ അഞ്ച് എണ്ണം ഉദ്ഘാടനത്തിന് തയ്യാറായി. 26 എണ്ണം ഗതാഗത വകുപ്പിന്റെ ഫണ്ടിൽനിന്നും 30 എണ്ണം കേന്ദ്രഫണ്ടിൽ നിന്നുമാണ്. ബാക്കിയുള്ളത് 15-5-2022-ൽ പൂർത്തീകരിക്കും. ചെലവ് 14.14 കോടി രൂപയാണ്. ഇതിൽ ഗതാഗത വകുപ്പ് 8.2 കോടി രൂപ നൽകാമെന്ന് പറഞ്ഞതിൽ 5 കോടി രൂപ ലഭിച്ചിട്ടുണ്ട്. അനെർട്ട് 10 എണ്ണം പൂർത്തീകരിച്ചു. ആറെണ്ണം ജോലികൾ പുരോഗമിക്കുന്നു. 15-5-2022-നമുമ്പ് അത് പൂർത്തികരിക്കും. തിരുവനന്തപുരം-3, ആലപ്പുഴ-1, എറണാകുളം-1, പാലക്കാട്-1, കൊല്ലം-1, ഇടുക്കി-1, തൃശ്ശൂർ-1, കാസർഗോഡ്-1. സ്വകാര്യ വ്യക്തികൾ 21 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സോളാർ പവേർഡ് ചാർജ്ജിംഗ് സ്റ്റേഷന്റെ പ്രവൃത്തി രണ്ടെണ്ണം ഹരിപ്പാട്,

റാന്നി എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലും പുരോഗമിക്കുന്നു.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, സംസ്ഥാന ഗവൺമെന്റ് മൊബിലിറ്റി ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് ചാർജ്ജ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, 2050-ഓടെ കേരളത്തെ കാർബൺ സീറോ സംസ്ഥാനമാക്കി മാറ്റുമെന്നും ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ആയിരം ഇലക്ട്രിക് ഓട്ടോകൾ റോഡുകളിലിറക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. കാർ, ഓട്ടോ, ഇരുചക്ര വാഹനം തുടങ്ങിയവയൊക്കെ റോഡുകളിലിറക്കുന്നമുറയ്ക്ക് നമുക്ക് മോണിറ്ററി ബെനിഫിറ്റ് എത്രമാത്രം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഒരു മാസം 3000 കി.മീ. ദൂരം ഓടുന്ന ഒരു കാറിനെ സംബന്ധിച്ച്, അഞ്ച് വർഷത്തെ ശരാശരി നോക്കുകയാണെങ്കിൽ, അതിന്റെ മെയിന്റനൻസ്, പെട്രോൾ എന്നിവയുൾപ്പെടെ 45.12 ലക്ഷം രൂപയുടെ ചെലവ് വരും. പക്ഷേ, ഇലക്ട്രിക്കിലേയ്ക്ക് മാറിയാൽ ചെലവ്

28.7 ലക്ഷം രൂപയായി കുറയ്ക്കാൻ സാധിക്കും. വാഹനം ഓടുമ്പോഴുണ്ടാകുന്ന ലാഭം വേറെയുമാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കാർബൺ ബാറ്ററികളെ ചാർജ്ജ് ചെയ്യാനുപയോഗിക്കുന്ന വൈദ്യുതിയുടെ ഉറവിടംകൂടി അടിസ്ഥാനമാക്കി മാത്രമേ ഇലക്ട്രിക് ഹരിത വാഹനങ്ങൾ ആകുന്നുള്ളു. ഫോസിൽ ഇന്ധനങ്ങൾ ജ്വലനത്തിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയാണെങ്കിൽ പെട്രോൾ, ഡീസൽ എന്നിവയിലുണ്ടാകുന്നതിനേക്കാൾ കൂടുതൽ മലിനീകരണ സാധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ബാറ്ററി ചാർജ്ജ് ചെയ്യാനുപയോഗിക്കുന്ന വൈദ്യുതി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, തിരമാല എന്നിവയുപയോഗിച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സോളാറിൽനിന്നും ബാറ്ററി ചാർജ്ജ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരമാലയിൽനിന്നും ചാർജ്ജ് ചെയ്യാനുള്ള സാങ്കേതികവിദ്യ ശരിയായിട്ടില്ല.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും പൊതുമേഖലാ

സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ഡീസൽ-പെട്രോൾ വാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പുതിയ വാഹനങ്ങൾ വരുമ്പോൾ അതിന് മുൻഗണന കൊടുത്തുകൊണ്ട് പടിപടിയായി ഇലക്ട്രിക്കിലേയ്ക്ക് മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ചാർജ്ജിംഗ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട വിഷയമാണ് എനിക്ക് ചോദിക്കാനുള്ളത്. ആറ് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുള്ള കരുനാഗപ്പള്ളിയിൽ, നിലവിൽ 66 KV സബ്സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി ലഭിക്കുന്നത്. എന്തെങ്കിലും തടസ്സമുണ്ടായാൽ പല പ്രദേശങ്ങളും മണിക്കൂറുകളോളം ഇരുട്ടിലാകുകയാണ്. ഈ 66 KV സബ്സ്റ്റേഷനെ 110 KV സബ്സ്റ്റേഷൻ ആക്കാനുള്ള പ്രവർത്തനങ്ങൾ വർഷങ്ങളായി നടന്നുവരികയാണ്. അത് പൂർത്തീകരിക്കുന്നില്ല, വളരെ ഇഴഞ്ഞാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ പദ്ധതി പൂർത്തീകരിച്ച് ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം ഗൗരവമായെടുത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച അഞ്ച് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ മൂന്നെണ്ണവും സ്ഥാപിക്കുന്നത് ആലത്തൂർ താലൂക്ക് കേന്ദ്രത്തിലാണ്. ആ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആശ്രയിക്കുന്നത് ആലത്തൂരിലെ 33 KV സബ്സ്റ്റേഷനെയാണ്. അവിടെ ചെറിയ തകരാറുണ്ടാകുന്നതുമൂലം ഇടയ്ക്കിടെ വൈദ്യുതി മുടങ്ങുന്നുണ്ട്. അതിന് ബദൽ സംവിധാനമൊരുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിക്കുന്നതിനുമുമ്പ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആലത്തൂരിലെ നിലവിലെ 33 KV സബ്സ്റ്റേഷന് അധീഷണലായി 33 KV ഫീഡറുകൂടി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളെയും മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞത് വളരെ ഗൗരവമായെടുത്ത് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളത്

ആലോചിക്കാം.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. മുൻകയ്യെടുക്കുമോ; നിലവിലുള്ള ചാർജ്ജിംഗ് പോയിന്റല്ലാതെ കൂടുതൽ അനുവദിക്കാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമുള്ള സ്ഥലത്തെല്ലാം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരെ അനുവദിക്കുന്ന നയം സ്വീകരിക്കുമോ; അതിനുള്ള എന്തെങ്കിലും നടപടികളുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ നേരത്തെ പറഞ്ഞതാണ്. സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനവും ചെറിയ രീതിയിൽ സബ്സിഡിയും കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രത്യേകിച്ച് ഹോട്ടലുകൾ, മാളുകൾ അതായത് അരമണിക്കൂർ നേരം ഇരിക്കാൻ സൗകര്യമുള്ളയിടത്തെല്ലാം

കൊടുക്കാവുന്ന നയമാണ് രൂപീകരിച്ചിട്ടുള്ളത്.

ശ്രീ. സജീവ് ജോസഫ്: സർ, ഇരുചക്ര വാഹനങ്ങളും മുച്ചക്ര വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഇപ്പോൾ കൂടുതലായി വിപണിയിലിറങ്ങുന്നതും ആളുകൾ ഉപയോഗിക്കുന്നതും നാല് ചക്ര വാഹനങ്ങളാണ്. ഇത്തരം വാഹനങ്ങൾക്കായി ഒരു നിയോജകമണ്ഡലത്തിൽ ഒരു കേന്ദ്രമെങ്കിലും ചാർജ്ജിംഗ് സ്റ്റേഷനായി സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചാർജ്ജിംഗ് സ്റ്റേഷനും സ്ലോ ചാർജ്ജിംഗ് സ്റ്റേഷനും വീടുകളിൽതന്നെ ഉപയോഗിക്കുന്നതാണ് നല്ലത്. ഹൈ സ്പീഡ് ചാർജ്ജിംഗ് സ്റ്റേഷൻ നൂറ് കിലോമീറ്ററിന് ഒന്നെങ്കിലുംവച്ച് പ്ലാൻ ചെയ്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്തുനിന്നും കാസർഗോഡുവരെ വലിയ വിഷമമില്ലാതെ ധൈര്യമായി പോകാനുള്ള സംവിധാനമുണ്ടാക്കുന്നുണ്ട്.

**ജി.എസ്.ടി. വരുമാനച്ചോർച്ച തടയാൻ സംവിധാനം**

3 (*183) <u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി.-യിലെ വരുമാനച്ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പരിശീലനം നേടിയ ഉദ്യോഗസ്ഥരെയുൾപ്പെടുത്തി ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിച്ച് സുശക്തമായ ഓഡിറ്റ് വിഭാഗം രൂപീകരിക്കാൻ ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി)നികുതിദായകർക്ക് തടസ്സമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടോ;

(ഡി) പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്കുള്ള മാറ്റം കെട്ടിക്കിടക്കുന്ന നികുതി നിർണ്ണയ കേസ്സുകൾ തീർപ്പാക്കുന്നതിനെ

എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, (എ) സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമം നടപ്പാക്കിയശേഷം സംസ്ഥാനത്ത് നികുതി ചോർച്ചയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് പല അവലോകനങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഴയ നിയമ

സംവിധാനങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണലായ ഓഡിറ്റ് പോലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ജീവനക്കാർക്കുവേണ്ട പരിശീലനങ്ങളും മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. ഇതുകൂടാതെ, ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലുണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. സംവിധാനത്തിനനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് വാണിജ്യനികുതി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വകുപ്പ് പുനഃസംഘടനയ്ക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ നടപടികൾ സ്വീകരിച്ചു. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ

അനിവാര്യമാണെന്ന് കണ്ടതിനാൽ അതുമായി ബന്ധപ്പെട്ട ചില സത്വര നടപടികൾ വകുപ്പുതലത്തിലും സ്വീകരിച്ചു. VAT, GST എന്നിവ ഒരേ സമയം കൈകാര്യം ചെയ്യപ്പെടേണ്ടിയിരുന്നു എന്നിരുന്നാലും ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെയുൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേരളം 01-03-2022 മുതൽ GSTN വികസിപ്പിച്ച ബാക്കെൻഡിലേക്ക് മാറിയിട്ടുണ്ട്. 01-03-2022 മുതൽ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കാണ് ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നത്. പഴയ സംവിധാനങ്ങളിൽ തീർപ്പാക്കാത്ത എല്ലാ നടപടികളും പുതിയ സംവിധാനത്തിലും ഉദ്യോഗസ്ഥർക്ക് പ്രവർത്തനം തുടരുന്നതിന് ലഭ്യമാകും.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യത്തെ അഭിനന്ദിക്കുന്നു. വെട്ടിപ്പ് കണ്ടെത്തുന്നതിന് പഴയ രൂപത്തിലുള്ള കാഴ്ചപ്പാടും മാനദണ്ഡങ്ങളും പോരാ.

കാരണം, അവർ വിദഗ്ദ്ധന്മാരാണ്. നികുതി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതിന് സാധിക്കുന്ന ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ വരുന്നതോടുകൂടി അതേ രീതിയിൽ ഡെവലപ് ചെയ്താണ് തട്ടിപ്പ് നടത്തുന്നത്. ഇത് പല തരത്തിലാണ്. ഇന്നത്തെ പത്രത്തിൽ അത്തരത്തിലൊരു വാർത്ത വന്നു. ഒരു ലോറിയുടെ പാസും നമ്പരും മറ്റ് എല്ലാ സംവിധാനങ്ങളുമുണ്ട്. ടി ലോറിയുടെ നമ്പർ കാറിൽ ഫിറ്റ് ചെയ്ത് ഓടിച്ചുവന്നു. പരിശോധിക്കുമ്പോൾ നമ്പരല്ലേ ഐഡന്റിഫൈ ചെയ്യുകയുള്ളൂ. ഇതുപോലെയല്ല, ഐ.ടി. സംബന്ധമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. നമ്മുടെ സംവിധാനം സംബന്ധിച്ച് ഇന്നലെയും ഇവിടെ വളരെ വിശദമായ ചർച്ച വന്നതാണ്. അതിൽ പഴയ അസസ്സ്മെന്റ് രീതി മാത്രമല്ലാതെ ഓഡിറ്റ്, ഇന്റലിജൻസ്, ഫെയർ ടാക്സ് സർവ്വീസ് എന്നിങ്ങനെ മൂന്ന് വിംഗായി ഒരു സംവിധാനം

ഉണ്ടാക്കിയിരിക്കുകയാണ്. ഇക്കാര്യങ്ങൾ കണ്ടുപിടിക്കാൻ ഇന്റലിജൻസ് വിംഗുണ്ടാകും. വഴിയിൽ പോയി കട കയറി പരിശോധിച്ച് സാധനങ്ങളെല്ലാം എടുക്കുകയല്ല, ഓഡിറ്റ് സമ്പ്രദായംവഴി കൃത്യമായി മനസ്സിലാക്കാനുള്ള സംവിധാനമുണ്ടാകും. അതോടൊപ്പംതന്നെ ആളുകൾക്ക് പരമാവധി സർവ്വീസ് കൊടുക്കുന്നതിനായി മൂന്നാമത്തെ വിംഗായി ഫെയർ ടാക്സ് സർവ്വീസുമുണ്ടാകും. ഇതിന്റെ നടപടിക്രമങ്ങളെല്ലാം ആയിട്ടുണ്ട്. വകുപ്പിന്റെ ഘടന പരിഷ്കരിച്ച് താമസംകൂടാതെ അത് പൂർത്തീകരിക്കാൻ സാധിക്കും. ഇതോടൊപ്പം മുഴുവൻ ഫയലുകളും ഇപ്പോൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് ആയിട്ടുണ്ട്. അതായത് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഇ-ഫയൽ സംവിധാനമാണുള്ളത്. ആളുകളുടെ ഇടയിൽനിന്നുള്ള തട്ടിപ്പ് കണ്ടെത്തുന്നതിന് നിരവധി കാര്യങ്ങളുണ്ട്. ക്യാമറ വച്ച് പുറത്തുനിന്ന് വരുന്നവരെ കണ്ടെത്തുന്നു. ഉദ്യോഗസ്ഥരുടെ കയ്യിലുള്ള കമ്പ്യൂട്ടർ സംവിധാനത്തിലൂടെ ഇ-വേ ബിൽ എത്രയാണ് അവിടെനിന്ന് വാങ്ങിയത്, അവർ എത്ര രൂപയുടെ സാധനംകൊണ്ടാണ് വരുന്നത്, ടാക്സ് എത്ര അടച്ചു തുടങ്ങിയവ കാണാനുള്ള സംവിധാനമുണ്ട്. പക്ഷേ, അതിലും തട്ടിപ്പുകൾ വരുന്നുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. നാഷണൽ

ലെവലിലുള്ള ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഐ.ടി. സെക്ഷനിലേയ്ക്ക് നമ്മൾ വീണ്ടും വന്നിട്ടുണ്ട്. നമ്മൾ അവർക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അതോടൊപ്പം ഏറ്റവും നന്നായി കാര്യങ്ങൾ ചെയ്യുന്നവർക്ക് ഫെയർ ടാക്സ് കാർഡ് പോലെയുള്ള കാര്യങ്ങൾ ചെയ്യുന്നു. വെർച്വൽ ഐ.ടി. കേഡർ ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ തരത്തിലും പുതിയ സംവിധാനങ്ങളെ ചേർക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നു എന്നുമാത്രമല്ല ചില കേസുകളിൽ, വലിയ തോതിലുള്ള ചില തട്ടിപ്പുകൾക്ക്, സാധാരണഗതിയിൽ ജി.എസ്.ടി. വന്നതിനുശേഷം എടുക്കാത്ത തരത്തിലേയ്ക്കുള്ള ചില നടപടികളെടുത്തു. വലിയ തട്ടിപ്പ് കാണിച്ചവരെ അറസ്റ്റ് ചെയ്ത് അകത്താക്കുന്നതടക്കമുള്ള തരത്തിലേയ്ക്ക് കർശനമായ നിലപാടുകളുമായാണ് പോകുന്നത്. നികുതി വെട്ടിപ്പ് തടയാനുള്ള കർശനമായ എല്ലാ ശ്രമങ്ങളും വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, സ്വർണ്ണ വ്യാപാരത്തിലെ തട്ടിപ്പ് സംബന്ധിച്ച് ഒരു സ്വർണ്ണ വ്യാപാരിതന്നെ പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വർണ്ണ വ്യാപാര മേഖലയിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സ്വർണ്ണ വ്യാപാര മേഖലയിൽ നികുതി കാലോചിതമായി വർദ്ധിക്കുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. അതുകൊണ്ടുതന്നെ ചില വ്യാപാരികൾ പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴുള്ളതിനേക്കാളും നികുതി വർദ്ധിക്കണം. അതിനായി ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന ഗവൺമെന്റ് റിക്വസ്റ്റ് ചെയ്ത് സ്വർണ്ണ വ്യാപര മേഖലയെ സംബന്ധിച്ച് ഒരു ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ രൂപീകരിച്ചിരുന്നു. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു അതിന്റെ കൺവീനർ. അത് നേരത്തെതന്നെ തുടങ്ങിയതാണ്. അതിന്റെ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തെങ്കിലും ഇ-വേ ബിൽ നടപ്പിലാക്കാൻ അതുവഴി പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. എന്നാൽ ഇ-വേ ബിൽ പൊതുവെ സ്വർണ്ണ വ്യാപാരികൾ അംഗീകരിക്കുന്നില്ല. അതിനായി അവർ പറയുന്ന ന്യായം, ഗുജറാത്തിൽനിന്നോ കർണ്ണാടകത്തിൽനിന്നോ സ്വർണ്ണം കൊണ്ടുവരുമ്പോൾ, വിലയുള്ള സാധനമാണ്, ഇ-വേ ബിൽ ഉണ്ടെങ്കിൽ തട്ടിപ്പും കൊള്ളയുമൊക്കെ നടക്കുമെന്നാണ്. അതുകൊണ്ട് അവർ ഇ-വേ ബിൽ അംഗീകരിക്കാത്തൊരു സ്ഥിതിയുണ്ട്. പക്ഷേ, സംസ്ഥാനത്തിനകത്ത് ഇ-വേ ബിൽ എന്നൊരു കൺസെപ്റ്റാണ് ഇപ്പോൾ വന്നിരിക്കുന്നത്.

സ്വർണ്ണ വ്യാപാരികളോട് നമ്മൾ പലതവണ പറഞ്ഞു. സ്വർണ്ണ വ്യാപാര മേഖലയിലെ ഈ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചിരുന്നു. വളരെ കർശനമാക്കാനുള്ള കാര്യങ്ങളാണ് വരുന്നത്. അപ്പോൾ ആ രംഗത്ത് കുറച്ചുകൂടി മുന്നോട്ടുവരും. കുറേയേറെ ലീക്കേജ് അവിടെ വരുന്നുണ്ട് എന്നുതന്നെയാണ് കാണുന്നത്. കുറച്ചുകൂടി അഡ്വാൻസ് ചെയ്യാൻ പറ്റുമെന്നാണ് കരുതുന്നത്. അതിനനുസരിച്ചുള്ള നിയമ കാര്യങ്ങളും എടുക്കുന്നുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സിസ്റ്റത്തിലുള്ള ചില പ്രശ്നംമൂലം നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ അപാകത സംഭവിച്ചു. ഇപ്പോൾ വ്യാപാരികൾക്ക് വ്യാപകമായി ഡിമാന്റ് നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. വലിയ തുകയാണ് ഇവരോട് അടയ്ക്കാൻ പറയുന്നത്. ഇത്രയും തുക അടയ്ക്കാൻ പറ്റാതിരിക്കുമ്പോൾ അവർ കോടതിയെ സമീപിക്കുന്നു. അപ്പോൾ നികുതി പിരിവ് വല്ലാതെ നീണ്ടുപോകുന്നു. ഇത് പരിഹരിക്കാൻ ആംനെസ്റ്റി സ്കീം തയ്യാറാക്കുകയും അതിനനുസരിച്ച് വ്യാപാരിസൗഹൃദമായ നികുതി പിരിവിലേയ്ക്ക് ആവശ്യമായ

നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വ്യാപാരിസൗഹൃദമായിട്ടുള്ള നികുതി വകുപ്പ് തന്നെയാണ് വേണ്ടത്. എന്നാൽ ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ വളരെ തെറ്റായ ചില അസസ്സ്മെന്റ് രീതികൾ നേരത്തെ വന്നിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. വന്നതിനുശേഷം അത്രയും വലിയ കാര്യങ്ങൾ ഉയരുന്നില്ല. അതിന്റെ നിയമസംവിധാനത്തിൽത്തന്നെ ചില കുറവുകൾ വന്നിട്ടുണ്ട്. നേരത്തെ അർബിറ്ററിയായി പല കാര്യങ്ങളും ഉദ്യോഗസ്ഥർ ചെയ്തിരുന്നു എന്നുള്ള പരാതികൾ ഉയരുന്നുണ്ട്. അതിന് അപ്പീൽ പ്രൊവിഷൻ മാത്രമേയുള്ളൂ. ഇപ്പോഴാണെങ്കിൽ അതിന്റെ സ്വഭാവം നേരെ മാറി. വ്യാപാരി കൊടുക്കുന്നത് മാത്രമാണ് കണക്ക് എന്നുള്ള നിലയിലാണിപ്പോൾ. നേരത്തെ ഉദ്യോഗസ്ഥർ അസസ്സ്മെന്റ് അധികമായി ചെയ്യുന്നു എന്നുള്ള പരാതിയുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് ഇന്നലെ ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർന്നും നിയമപരമായ കാര്യങ്ങൾ, പഴയ വാറ്റ് നിയമസംവിധാനങ്ങളെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. കാരണം, 13000 കോടി രൂപയാണ് കണക്കിൽ ഡ്യൂസ്. എന്നാൽ ഇവിടെ പറഞ്ഞതുപോലെ, 2000 കോടി രൂപ ഒരു

വ്യക്തിക്ക്, അല്ലെങ്കിൽ 200 കോടി രൂപ ഒരു വ്യക്തിക്ക് എന്നൊക്കെ അടിച്ച്, ഒരിക്കലും കിട്ടാത്ത തുകയാണ് എന്ന തരത്തിലുള്ള ചില പരാതികളുണ്ട്. അതുസംബന്ധിച്ച് ഇനി എന്താണ് ചെയ്യാൻ സാധിക്കുക എന്നത് നിയമപരമായി ഉൾപ്പെടെ നോക്കേണ്ടതുണ്ട്. കാരണം, നിയമത്തിൽ ഉണ്ടായതനുസരിച്ച് അതിന്റെ ചില ലിമിറ്റേഷനുകളുണ്ട്. പക്ഷേ ഇത്രയും പണം  കിട്ടില്ലെന്ന് നമുക്കറിയാം. ആംനെസ്റ്റി നോക്കുമ്പോഴും അങ്ങനെയാണ്. പക്ഷേ, ഇപ്പോൾ വ്യാപാരികളെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കുന്ന സമീപനമുണ്ടാകില്ല. അതേസമയം വ്യാപാരികളുടെ ഭാഗത്തുനിന്നും അവർ വാങ്ങുന്ന ടാക്സ് കൃത്യമായി അടയ്ക്കുന്ന കാര്യം ഉറപ്പാക്കേണ്ടതുണ്ട്. വ്യാപാരികളാണ് നമ്മുടെ സമൂഹത്തിന് ഏറ്റവും വലിയ സഹായം ചെയ്യുന്നൊരു വിഭാഗം എന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷേ അതിൽ ചില ആളുകളെങ്കിലും വാങ്ങുന്ന നികുതി ഇങ്ങോട്ട് അടയ്ക്കുന്നില്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഒരു കാരണവശാലും വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന നിലപാടുമായി സർക്കാർ പോകില്ല. ഏറ്റവും നന്നായി ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹനം കൊടുക്കുന്ന തരത്തിലുള്ള ചില പദ്ധതികളും സർക്കാർ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് നൽകി വരുന്ന ജി.എസ്.ടി. നഷ്ടപരിഹാരം ജൂലൈ മാസത്തിൽ അവസാനിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന വരുമാനനഷ്ടം എത്രയാണ്; ഈ പ്രതിസന്ധിയെ എങ്ങനെ മറികടക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജൂൺ കഴിഞ്ഞുള്ള മാസങ്ങളിൽ ജി.എസ്.ടി. കിട്ടില്ലെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ജി.എസ്.ടി. നഷ്ടപരിഹാരം മുന്നോട്ട് കൊണ്ടുപോകണം, കൂട്ടണം, തുടരണം എന്നാണ് രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് അവരുടെ നിലപാട് പറഞ്ഞിട്ടില്ല. അങ്ങനെ വരികയാണെങ്കിൽ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് അടുത്ത വർഷം ഒരു 9000 കോടി രൂപയെങ്കിലും നഷ്ടം വരാം. ഇപ്പോഴത്തെ സ്ഥിതിയിൽ ബിസിനസ്സ് കൂടി 14 ശതമാനം വാർഷിക ഗ്രോത്തിലേയ്ക്ക് എത്താൻ സാധിച്ചാൽ ആ നഷ്ടം കുറയും. കഴിഞ്ഞ വർഷങ്ങളിലെ കണക്ക് നോക്കിയാൽ 8000-9000 കോടി രൂപയെങ്കിലും കുറവ് വരാവുന്നൊരു സ്ഥിതിയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇത് തുടരണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്.

അതോടൊപ്പം നമ്മുടെ നാട്ടിലെ സാമ്പത്തിക പ്രവർത്തനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാനുമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതായാലും കേന്ദ്ര ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും ചെയ്തേ കഴിയൂവെന്നുള്ള നിലപാടാണ് എല്ലാ സംസ്ഥാനങ്ങൾക്കുമുള്ളത് എന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ ഒരു ഇടപെടലും പരിശോധനയും തുടർന്ന് ചില നടപടികളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, 2017-18-ലാണ് ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിച്ചുതുടങ്ങിയത്. പക്ഷേ അന്ന് നിരവധി സാങ്കേതിക പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് വന്നിരുന്നു. ആയതിനാൽ 2017-18, 2018-19 വർഷങ്ങളിലെ ജി.എസ്.ടി. റിട്ടേണുകളിൽ വന്നിട്ടുള്ള സാങ്കേതിക തെറ്റുകൾ തിരുത്താൻ അവസരം കൊടുക്കുമോ; അതിന്റെപേരിൽ വന്നിട്ടുള്ള പിഴകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? മഹാരാഷ്ട്ര പോലുള്ള ചില സംസ്ഥാനങ്ങൾ അത് നേരത്തെ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സാങ്കേതിക കാര്യങ്ങളിൽ ചിലത് അവരുടെ ഡിപ്പാർട്ട്മെന്റ്വൈസ് നോക്കിയേ പറ്റൂ. എന്തായാലും അപ്പീൽ കൊടുക്കുന്നതിനും മറ്റുമൊക്കെ ഉണ്ടായിരുന്ന വലിയ ഫീസും മറ്റും

കുറയ്ക്കുന്നതിന് തയ്യാറായിട്ടുണ്ട്. സാങ്കേതികമായി ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും, അങ്ങനെ കറക്ട് ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും അതിന്റെ നിയമത്തിനകത്തുനിന്നുകൊണ്ട് ചെയ്യാവുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം, കേന്ദ്രം തരുന്നത് ജൂലൈ മാസത്തോടുകൂടി അവസാനിക്കുകയാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഇതുവരെയുണ്ടായ നഷ്ടം പൂർണ്ണമായും കേന്ദ്രം തരാമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; അത് ക്വാണ്ടിഫൈ ചെയ്ത് എത്ര രൂപയായിരുന്നു; അതിൽ എത്ര രൂപ ലഭിച്ചു എന്നുള്ളത് ഒരു വിഷയം. രണ്ടാമത്, നമുക്ക് ന്യായമായി കിട്ടേണ്ട വിഹിതം ഇനിയും കേന്ദ്രം തരാനുണ്ടോ; ഈ രണ്ട് തുകകൾ എത്രവരും; അത് ലഭ്യമാകാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നഷ്ടത്തിന്റെ കാര്യത്തിൽ പഴയതുപോലെ വലിയ കുടിശ്ശികയില്ല. ഒന്നുരണ്ട് മാസത്തെ കുടിശ്ശികയേയുള്ളൂ. അതിന്റെ തുക എത്രയാണെന്ന് കൃത്യമായി നോക്കണം. നേരത്തെ തരാനുണ്ടായിരുന്ന കുറച്ച് കുടിശ്ശിക, ഏകദേശം

എണ്ണായിരത്തിലധികം കോടി രൂപ കേന്ദ്ര ഗവൺമെന്റ് കടമെടുത്തിന് നമുക്ക് തരികയാണ്. അക്കാര്യം നമ്മുടെ ബഡ്ജറ്റ് ഡോക്യുമെന്റിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ ആ കടം നമ്മുടെ ബോറോയിംഗിൽ വരില്ല. കടമെടുത്തു. ഒരു ലോംഗ് ടേമിൽ അവരത് തിരിച്ചടയ്ക്കും. അങ്ങനെ കേന്ദ്ര ഗവൺമെന്റ് നമ്മുടെ പേരിൽ ബോറോയിംഗ് നടത്തി തന്നിട്ടുണ്ട്. ഇനിയിപ്പോൾ കുറച്ച് പണംകൂടിയാണ് വരുന്നത്. പക്ഷേ ഇതുകഴിഞ്ഞ് വരുന്നതാണ് ഞാൻ നേരത്തെ പറഞ്ഞത്. ക്വാണ്ടിഫൈ ചെയ്തുവരുമ്പോൾ, അതിന്റെയൊരു ആവറേജ് എടുക്കുമ്പോൾ ഇത്രയും നഷ്ടമാണ് നമുക്കൊരു വർഷം വരാൻ പോകുന്നത്, അടുത്ത ഒൻപത് മാസം കിട്ടിയില്ലെങ്കിൽ. 12000 കോടി രൂപ വരെ നമുക്ക് നഷ്ടപരിഹാരം കിട്ടിയ വർഷമുണ്ട്. അപ്പോൾ അതനുസരിച്ച് ഇതില്ലാതെ വരുമ്പോൾ, നമ്മുടെ ഇക്കണോമിയും ഇന്ത്യയിലാകെയുള്ള ഇക്കണോമിയും അത്രയും വളർന്നില്ലെങ്കിൽ ആ നഷ്ടം വരുമെന്നുള്ള സ്ഥിതി നിലനിൽക്കുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, നമുക്ക് ഇൻഫോസിസിന്റെ അതിനൂതന സോഫ്റ്റ്‌വെയർ വേണ്ടെന്നും എൻ.ഐ.സി.-യുടേത്

മതിയെന്നുമാണ്. നാല് വർഷം കഴിയുമ്പോൾ നമ്മൾ അതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. വീണ്ടും പഴയതിലേയ്ക്ക് മടങ്ങിപ്പോകുകയാണ്. കർണ്ണാടക പോലെയുള്ള സംസ്ഥാനങ്ങൾ അവരുടെ സ്വന്തം സോഫ്റ്റ്വെയറിലാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇത് പരാജയപ്പെടാൻ കാരണമെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത് നടപ്പിലാക്കിത്തുടങ്ങുമ്പോൾ ജി.എസ്.ടി.എൻ. അത്രയും അഡ്വാൻസ്ഡ് ആയിരുന്നില്ല. അന്ന് കേരളത്തിലേതായിരുന്നു കുറച്ചുകൂടി അഡ്വാൻസ്ഡ്. ഇപ്പോൾ രണ്ടോ മൂന്നോ സംസ്ഥാനങ്ങളൊഴിച്ച് ബാക്കി സംസ്ഥാനങ്ങളെല്ലാം ജി.എസ്.ടി.എൻ. ബാക്കെൻഡ് ഓഫീസിലേയ്ക്ക്, കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി.എൻ.-ലേയ്ക്ക് പോയിട്ടുണ്ട്. കാരണം, അവർ ഇപ്പോൾ കുറച്ചുകൂടി ഡെവലപ് ചെയ്തു. ആ സമയത്ത് നമ്മുടെ പല കാര്യങ്ങളും അവർ ഫോളോ ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ കുറച്ചുകൂടി സിസ്റ്റം ഡെവലപ് ചെയ്തിട്ടുണ്ട്. ഇതൊരു സാങ്കേതിക കാര്യമാണ്. രാഷ്ട്രീയ കാര്യമല്ല. സാങ്കേതികമായി ഇപ്പോൾ അവിടത്തേത് കുറച്ചുകൂടി

നന്നായിട്ടുണ്ട്. നമ്മൾ എന്തുകൊണ്ടാണ് അത് ഉപയോഗിക്കുന്നതെന്ന് ചോദിച്ചാൽ, കേന്ദ്രം ഒരു നിയമം പാസ്സാക്കിയാൽ ഇവിടെ നമ്മുടെ നിയമത്തിലേയ്ക്ക്, സോഫ്റ്റ്‌വെയറിലേയ്ക്ക് അത് ആകും. ഇപ്പോഴത് ഒറ്റയടിക്ക് ആകാൻ പറ്റും. അവിടത്തേത് വന്നുകഴിഞ്ഞാൽ അപ്പോൾതന്നെ ഇവിടെയും ആകും എന്നുള്ളൊരു ഗുണമുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)